കവർസ്റ്റോറി

കെ.സി വർഗീസ്

# ഭീകരപ്രവർത്തനത്തിന്റെ രാഷ്ട്രീയം

*“**നിഷ്ഠുരന്മാരിൽവെച്ച്** നിഷ്ഠുരനായ രാക്ഷസന്റെ പേരത്രെ ‘രാഷ്ട്രം’. വിദ്രോഹികൾ ജനത്തെപ്പിടിക്കാൻ കെണികൾ ഒരുക്കിയിട്ട് അവക്ക് പേരിടുന്നു; ‘രാഷ്ട്രം’. അവരുടെ തലക്കുമുകളിൽ രാഷ്ട്രം ഒരു വാൾ തൂക്കിയിടുന്നു”* - Thus Spake Zarathustra: Nietzsche.

**ഇസ്‌ലാമിന്റെ ഔപചാരികമായ അവതരണത്തിന്റെ ആദ്യ നൂറ്റാണ്ടു മുതൽ തന്നെ വിവിധവർഗങ്ങളും ഭാഷകളും സംസ്ക്കാരങ്ങളും ഉൾക്കൊണ്ട് വടക്കെ ആഫ്രിക്കമുതൽ ഏഷ്യയുടെ അങ്ങേയറ്റംവരെയും സ്പെയിൻ മുതൽ മംഗോളിയവരെയുമുള്ള ഭൂവിഭാഗങ്ങളിൽ ഉള്ള വിവിധ ജനവിഭാഗങ്ങളെ ഒരേ മതദർശനത്തിനു കീഴിൽ അണിനിരത്താൻ കഴിഞ്ഞു എന്നത് ചില്ലറ കാര്യമൊന്നുമല്ല. ഇസ്‌ലാം അതിന്റെ സാമ്രാജ്യം സ്ഥാപിച്ചത് ജനമനസ്സുകളിലാണ്. ഏറ്റവും കുറച്ച് രക്തം ചിന്തി ഏറ്റവും വലിയ നേട്ടംകൊയ്ത ഏകശക്തി ചരിത്രത്തിൽ ഇസ്‌ലാം മാത്രമായിരിക്കും.**



ആരാണ് ഭീകരപ്രവർത്തകർ? എന്താണ് തീവ്രവാദം? ഇസ്‌ലാം = തീവ്രവാദം = ഭീകരപ്രവർത്തനം എന്നൊരു ഫോർമുല രൂപപ്പെടുത്തി സാമാന്യ ജനങ്ങളുടെ മസ്തിഷ്ക്കത്തിൽ നട്ടുവളർത്താനുള്ള ബോധപൂർവമായ ശ്രമം തുടങ്ങിയിട്ടു കാലം കുറെയായി. അമേരിക്ക പ്രതിനിധാനം ചെയ്യുന്ന സാമ്രാജ്യത്വ താൽപര്യങ്ങളും ആ താളത്തിനൊത്ത് ചുവടുവെക്കുന്ന ഇന്ത്യയിലെ തീവ്രഹിന്ദുത്വവാദികളും മൃദുഹിന്ദുത്വവാദികളുമൊക്കെ ഈ വ്യാജ പ്രചരണത്തിലെ സഖ്യശക്തികളാണ്. മുസ്‌ലിം പേരുകൾ മാത്രമല്ല ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ പ്രതിരൂപമായ തൊപ്പിയും താടിയും പർദയുംപോലും ഭീകരപ്രവർത്തനത്തിന്റെ പ്രതിരൂപങ്ങളായി ചിത്രീകരിക്കപ്പെടുന്നു. ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെയെന്ന തത്ത്വത്തിന്റെ പിൻബലത്തോടെ മാധ്യമങ്ങളും അന്വേഷണ ഏജൻസികളും നീതിപീഠവും ഒക്കെ ഒരു പ്രത്യേക വിഭാഗത്തിനു നേരെ മാത്രം വിരൽചൂണ്ടുമ്പോൾ അവരുടെയിടയിൽ അരക്ഷിതത്വബോധം വ്യാപിക്കുന്നു. ന്യൂനപക്ഷസമുദായങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തി ദീർഘകാല ലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള രാഷ്ട്രീയ കച്ചവടത്തിൽ മുതൽമുടക്കുകയാണ് മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ. ഇന്ത്യയുടെ പൊതുഅവസ്ഥ പരിഗണിച്ചാൽ താരതമ്യേന ദുർബലരായ ഇടതുപക്ഷകക്ഷികൾ മാത്രമാണിതിനൊരപവാദം.

2002 ഫെബ്രുവരി 27ന് ഏതാനും കർസേവകർ സഞ്ചരിച്ച സബർമതി എക്സ്പ്രസിന്റെ ആറാം കോച്ചിലു

ണ്ടായ തീപിടുത്തത്തെക്കുറിച്ച് അന്വേഷണം നടത്താൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച യു.സി ബാനർജി കമ്മീഷന്റെ കണ്ടെത്തലുകളും ഗുജറാത്ത് ഗവൺമെന്റ് നിയോഗിച്ച ജസ്റ്റിസ് ജി. ടി. നാനാവതി കമീഷന്റെ കണ്ടെത്തലുകളും പരസ്പരവിരുദ്ധമായ നിഗമനങ്ങളിലെത്തിച്ചേർന്നിരിക്കുന്നു. നമ്മുടെ അന്വേഷണകമീഷനുകളുടെയും നീതിന്യായപീഠങ്ങളുടെയും വിശ്വാസ്യതയെ പരിഹാസ്യമാക്കുന്നതാണ് പരസ്പര വിരുദ്ധമായ ഈ അന്വേഷണ റിപ്പോർട്ടുകൾ. സംഭവത്തിൽ കുറ്റവാളികളെന്ന് ആരോപിക്കപ്പെട്ട നരേന്ദ്രമോഡിയും കൂട്ടുകാരും ശുദ്ധാത്മാക്കളാണെന്ന് ജസ്റ്റിസ് നാനാവതി പ്രഖ്യാപിച്ചിരിക്കുന്നു. ഭീകരമായ മുസ്‌ലിംവേട്ടക്ക് കാരണമായി പറയപ്പെടുന്ന ഗോധ്രസംഭവം തീവണ്ടിക്കുള്ളിൽ കർസേവകർ മണ്ണെണ്ണ കത്തിച്ചു ഭക്ഷണം പാകംചെയ്തതുനിമിത്തം സംഭവിച്ച ഷോർട്ട് സർക്യൂട്ടിന്റെ ഫലമായുണ്ടായ അപകടമായിരുന്നു എന്ന യു.സി ബാനർജി കമീഷന്റെ റിപ്പോർട്ടിലെ പരാമർശങ്ങളെ ഖണ്ഡിക്കാനുള്ള ന്യായങ്ങളൊന്നും ചൂണ്ടിക്കാണിക്കാതെയാണ് നാനാവതി റിപ്പോർട്ട് നരേന്ദ്രമോഡിക്കു വിശുദ്ധപരിവേഷം നൽകിയിരിക്കുന്നത്. വിചിത്രമായ ഇത്തരം നടപടികളാണ് ന്യൂനപക്ഷങ്ങളെ കൂടുതൽ പാർശ്വവത്കരിക്കുന്നതും അതിജീവനം ലക്ഷ്യമാക്കിയുള്ള അറ്റകൈപ്രയോഗത്തിനു ചിലരെയെങ്കിലും പ്രേരിപ്പിക്കുന്നതും.

### ഭീകരപ്രവർത്തനങ്ങളിലെ സ്റ്റേറ്റ് പങ്കാളിത്തം

ജനങ്ങൾക്കിടയിൽ ഭീതിവളർത്തി സ്വന്തം രാഷ്ട്രീയലക്ഷ്യം നേടാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഭീകരപ്രവർത്തനത്തിനിറങ്ങുന്നവരുടെ ഉദ്ദേശ്യം. ഇടതുപക്ഷ വലതുപക്ഷ ഭേദമന്യേ രാഷ്ട്രീയ സംഘടനകൾ ചരിത്രത്തിലുടനീളം ലോകവ്യാപകമായി ഈ അടവ് പ്രയോഗിച്ചിട്ടുണ്ട്. ഭരണകൂടത്തെ അട്ടിമറിക്കുക എന്ന ലക്ഷ്യത്തോടെ തൽപരകക്ഷികൾ നടത്തുന്ന പ്രവർത്തനം മാത്രമല്ല, ഭരണാധികാരികൾ സ്വന്തം സുസ്ഥിരത കരുതി എതിർശക്തികളെ പ്രത്യേകം ലക്ഷ്യമാക്കി ജനങ്ങളെ പൊതുവിൽ ബാധിക്കുന്ന തരത്തിൽ നടത്തുന്ന ഭീകരപ്രവർത്തനവും ഉണ്ട്. ഭരണകൂടം മുൻകൈയെടുത്തുനടത്തുന്ന ഇത്തരം ഭീകരപ്രവർത്തനങ്ങൾക്കു ക്രമസമാധാനപാലനത്തിന്റെ പരിവേഷം ലഭിക്കാറുണ്ടെങ്കിലും കൂടുതൽ മനുഷ്യജീവൻ ഹനിക്കപ്പെടുന്നതും നാശനഷ്ടങ്ങൾ സംഭവിക്കുന്നതും ഭരണകൂട ഭീകരതയുടെ ഫലമായിട്ടാണ്. റോമൻ ചക്രവർത്തിമാരുടെ ഭരണം, ഫ്രഞ്ച് വിപ്ലവത്തെ തുടർന്നു നടന്ന റെയിൻ ഓഫ് ടെറർ, നാസിജർമനി, സ്റ്റാലിൻ യുഗത്തിൽ കമ്യൂണിസ്റ്റുകാർ കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ തുടങ്ങിയവയെല്ലാം മേൽ സൂചിപ്പിച്ച തരത്തിലുള്ള ഭരണകൂട ഭീകരതയുടെ ഉദാഹരണങ്ങളാണ്.

നമ്മുടെ കാലത്തു സംഭവിച്ച ഏറ്റവും മാരകമായ ഭീകരാക്രമണം 2001 സെപ്റ്റംബർ മാസം 11-ന് ചാവേറുകളെന്നു വിശേഷിപ്പിക്കപ്പെടാവുന്ന ചില തീവ്രവാദികൾ നാലു യാത്രാവിമാനങ്ങൾ തട്ടിയെടുത്ത് അതിൽ രണ്ടെണ്ണം വേൾഡ്ട്രേഡ് സെന്റർ സമുച്ചയത്തിൽ ഇടിച്ചിറക്കിയതും മറ്റൊന്ന് വാഷിംഗ്ടൺ ഡി.സിയിലുള്ള പെന്റഗൺ കെട്ടിടത്തിലേക്കു ഇടിച്ചുകയറ്റിയതുമാണ്. നാലാമത്തെ വിമാനം പെൻസിൽ വാനിയയിലെ പിറ്റ്സ്ബർഗിനുസമീപം തകർന്നുവീഴുകയായിരുന്നു. വേൾഡ്ട്രേഡ് സെന്ററിന്റെ അധികഭാഗവും നിലംപതിച്ചു. പെന്റഗൺ ഭാഗികമായി തകർന്നു. വിമാനങ്ങളിലുണ്ടായിരുന്ന 266 പേരും കെട്ടിടങ്ങളിലും സമീപപ്രദേശങ്ങളിലും ഉണ്ടായിരുന്ന ആയിരക്കണക്കിനു ആളുകളും മരിച്ചു. ആ സംഭവം അക്ഷരാർഥത്തിൽ പരിഷ്കൃത ലോകത്തെ ഞെട്ടിച്ചു. ലോകാധിപത്യം തങ്ങൾക്ക് എന്നുള്ള അമേരിക്കയുടെ ഹുങ്കിനു കനത്ത പ്രഹരമായിരുന്നു അത്. അമേരിക്ക ആ ഞെട്ടലിന്റെ ആഘാതത്തിൽ നിന്ന് ഇനിയും മുക്തമായിട്ടില്ല.

**ഇസ്‌ലാം = തീവ്രവാദം = ഭീകരപ്രവർത്തനം എന്നൊരു ഫോർമുല രൂപപ്പെടുത്തി സാമാന്യ ജനങ്ങളുടെ മസ്തിഷ്ക്കത്തിൽ നട്ടുവളർത്താനുള്ള ബോധപൂർവമായ ശ്രമം തുടങ്ങിയിട്ടു കാലം കുറെയായി. അമേരിക്ക പ്രതിനിധാനം ചെയ്യുന്ന സാമ്രാജ്യത്വ താൽപര്യങ്ങളും ആ താളത്തിനൊപ്പിച്ചു ചുവടുവെക്കുന്ന ഇന്ത്യയിലെ തീവ്രഹിന്ദുത്വവാദികളും മൃദുഹിന്ദുത്വവാദികളുമൊക്കെ ഈ വ്യാജ പ്രചരണത്തിലെ സഖ്യശക്തികളാണ്.**

### ചില പുരാവൃത്തങ്ങൾ

പുരാണേതിഹാസങ്ങളിലും ഭീകരപ്രവർത്തനങ്ങളുടെ പൊടിപ്പും തൊങ്ങലും വെച്ച കഥകൾ സുലഭമാണ്. ബൈബിൾ പഴയനിയമത്തിലെ ന്യായാധിപന്മാരുടെ പുസ്തകം, ശാമുവലിന്റെ പുസ്തകം, രാജാക്കന്മാരുടെ ഒന്നും രണ്ടും പുസ്തകങ്ങൾ, ദിനവൃത്താന്തം ഇവയിലെല്ലാം വിവരിക്കുന്ന പല സംഭവങ്ങളും ഭീകരപ്രവർത്തനത്തിന്റെ ചോരപ്പാടുകൾ വീണ് കറപിടിച്ചവയാണ്. ഈജിപ്തിൽ അടിമകളായിരുന്ന ഇസ്രയേൽക്കാർ കാനാൻദേശത്തേക്കുള്ള തങ്ങളുടെ വിടുതൽ ലക്ഷ്യമാക്കി ഈജിപ്തുകാർക്കെതിരെ നടത്തിയത് ഭീകരപ്രവർത്തനമായിരുന്നു. ഈജിപ്തുകാരുടെ കൃഷിയിടങ്ങളിൽ ക്ഷുദ്രകീടങ്ങളെ വിതറുക, ജലാശയങ്ങൾ മലിനപ്പെടുത്തി കുടിവെള്ളം മുടക്കുക തുടങ്ങി ആദ്യജാതന്മാരെ കൊന്നൊടുക്കുന്നതിൽവരെയെത്തിയ പത്തു ബാധകൾ ഭീകരപ്രവർത്തനത്തിന്റെ മറ്റൊരു മുഖത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. പീഡകനെതിരെ പീഡിതർ നടത്തുന്ന പ്രത്യാക്രമണം എന്ന നിലയിൽ പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്ന ഈ സംഭവങ്ങളെ വിലയിരുത്താവുന്നതാണ്. വായിൽ കൈ ഇട്ടാൽ ഏതു പാമ്പാണ് കടിക്കാതിരിക്കുക. ഒരു ജനതയുടെ വിമോചനത്തിനു ചിലപ്പോൾ ചില അറ്റകൈപ്രയോഗം വേണ്ടിവരും എന്നാണ് ഇത്തരം ബൈബിൾ പരാമർശങ്ങൾ വെളിപ്പെടുത്തു



ന്നത്.

മഹാഭാരതകഥയിലെ പാണ്ഡവ -കൗരവയുദ്ധത്തിലും തുടക്കം മുതൽ ഒടുക്കംവരെ ഒളിവിലും തെളിവിലും ഒട്ടേറെ ഭീകരപ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ട്. പാണ്ഡവന്മാരും അവരുടെ മാതാവും പാഞ്ചാലിയും ഉറങ്ങിക്കിടന്നിരുന്ന അരയ്ക്കില്ലത്തിനു കൗരവർ തീ വെക്കുന്നതും പാണ്ഡവർക്കു പകരം അതിൽ ആ സമയം ഉറങ്ങിയിരുന്ന വേടകുടുംബം അഗ്നിക്കിരയാകുന്നതും ദുര്യോധനാദികൾ മുൻകൈ എടുത്തു നടത്തിയ ഒരു ഭീകരപ്രവർത്തനം ആയിരുന്നില്ലേ? (മഹാഭാരതം, ദ്രോണ പർവം 193:13) ഇങ്ങനെ ലോകത്തിലെ ഏതു പുരാണങ്ങൾ എടുത്തു പരിശോധിച്ചാലും അതിലെല്ലാം ശത്രുവിന്റെ നാശത്തിനുവേണ്ടി ഏതറ്റംവരെ പോകാനും, ഏത് അതിക്രമം കാണിക്കാനും തയാറാകുന്ന കുബുദ്ധികളായ മനുഷ്യരെ കാണാം. പരിഷ്കൃത മനുഷ്യരുടെ ചരിത്രവും ഇത്തരം പാതകങ്ങളിൽനിന്നു മുക്തമല്ല. ശത്രുവിനെ സ്നേഹിക്കുക, കുറ്റകൃത്യത്തെ വെറുക്കുക, കുറ്റവാളിയെ സ്നേഹിക്കുക, സ്നേഹത്തിലൂടെ ശത്രുവിനെ കീഴടക്കുക എന്നിങ്ങനെ ഉപദേശിച്ചവരുടെ പരമ്പര ഗൗതമബുദ്ധനിൽ തുടങ്ങി യേശുവിലവസാനിക്കുന്നു. അവരുടെ ഉപദേശങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാൻ ശ്രമിച്ചവർ ഒരു ഗാന്ധിയിലോ ഏറിയാൽ ഒരു മാർട്ടിൻ ലൂഥർകിംഗിലോ മാത്രമായി പരിമിതപ്പെടുന്നു എന്നതാണ് ലോകത്തിന്റെ ജാതകദോഷം. പറയുന്നതൊന്ന് പ്രവർത്തിക്കുന്നത് മറ്റൊന്ന്. സ്നേഹിതരില്ലെങ്കിലും കുഴപ്പമില്ല, തങ്ങൾക്ക് ഒരു ശത്രുവിനെ തരൂ എന്നാണിപ്പോൾ എല്ലാവരും ആർത്തുവിളിക്കുന്നത്. സങ്കൽപത്തിലെങ്കിലും ഒരു ശത്രുവിനെ മുന്നിൽ നിർത്തിക്കൊണ്ടു മാത്രമേ ജീവിതത്തിന്റെ പോരാട്ടക്കളരിയിൽ തങ്ങൾക്കു ജയിച്ചു മുന്നേറാനാകൂ എന്ന ഭാവമാണിന്നു സർവർക്കും. ഈ മാനസികാവസ്ഥക്കു മിഴിവ് നൽകുന്നതാണ് 11/9 സ്ഫോടനത്തിനുശേഷം അമേരിക്കയും അനുബന്ധശക്തികളും ഇസ്‌ലാമിനെ പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ട് നടത്തുന്ന ഭീകരവിരുദ്ധ മുറവിളികൾ. സായിപ്പിന്റെ ഭാഷയിൽ 'ഇസ്‌ലാമോഫോബിയ' എന്നു വിളിക്കുന്ന ഈ പ്രതിഭാസത്തിനു ഇന്ത്യയിലെ ഹിന്ദു തീവ്രവാദികൾ പൊടിപ്പും തൊങ്ങലും നൽകി കൊഴുപ്പിക്കുകയാണ്.



**ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെയെന്ന തത്ത്വത്തിന്റെ പിൻബലത്തോടെ മാധ്യമങ്ങളും അന്വേഷണ ഏജൻസികളും നീതിപീഠവും ഒക്കെ ഒരു പ്രത്യേക വിഭാഗത്തിനു നേരെ മാത്രം വിരൽചൂണ്ടുമ്പോൾ അവരുടെയിടയിൽ അരക്ഷിതത്വബോധം വ്യാപിക്കുന്നു. ന്യൂനപക്ഷസമുദായങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തി ദീർഘകാല ലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള രാഷ്ട്രീയ കച്ചവടത്തിൽ മുതൽമുടക്കുകയാണ് മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ.**

എന്തുകൊണ്ട് ഇസ്‌ലാം അനുകൂലികൾ മാത്രം വേട്ടയാടപ്പെടുന്നു? കൂടുതൽ ഭീകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ബജ്റംഗ്ദൾ പോലുള്ള ഹിന്ദു ഫാഷിസ്റ്റുകൾക്കു പ്രവർത്തനാനുമതി നൽകുകയും സിമിപോലുള്ള പ്രസ്ഥാനങ്ങൾക്കെതിരെ മാത്രം നിരോധനത്തിന്റെ വാളുയർത്തുകയും ചെയ്യുന്നതിലെ ശരികേടു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. അധികാരത്തിന്റെ അകത്തളത്തിൽ വിഹരിക്കുന്നവരും അധികാരം അനതിവിദൂര ഭാവിയിൽ സ്വന്തം കൈപ്പിടിയിൽ ഒതുങ്ങുമെന്ന് കണക്കുകൂട്ടുന്നവരും ഭീകരാക്രമണത്തിന്റെ പേരു പറഞ്ഞ് 'പോട്ട' പോലെയോ തത്തുല്യമോ ആയ കരിനിയമങ്ങളുടെ പുനഃസൃഷ്ടിക്കുവേണ്ടി ശബ്ദം ഉയർത്തുന്നു. പരിമിതമായ നിയമസംരക്ഷയുള്ളപ്പോൾ പോലും ഇരകളാക്കപ്പെടുന്നവർക്കു കാര്യമായ സംരക്ഷണം ലഭിക്കുന്നില്ല. അപ്പോൾ പിന്നെ ഇവർ തങ്ങളുടെ അടുക്കളയിൽ വേവിച്ചുകൊണ്ടിരിക്കുന്ന കരിനിയമങ്ങൾക്കൂടി വിളമ്പിത്തുടങ്ങിയാൽ രാഷ്ട്രീയപ്രതിയോഗികളെ അമർച്ചചെയ്യുക എളുപ്പമായി. ജനാധിപത്യത്തെ നോക്കുകുത്തിയാക്കി, ഫാഷിസത്തിന്റെ പല്ലക്ക് ചുമക്കാൻ പലരും കാത്തുനിൽക്കുകയാണ്.

### ഭീകരപ്രവർത്തനത്തിന്റെ രാഷ്ട്രീയം

ഇസ്‌ലാമിലെ 'ജിഹാദ്'സങ്കൽപത്തെ ഭീകരവാദവുമായി അറിഞ്ഞോ അറിയാതെയോ പലരും ബന്ധിപ്പിക്കാറുണ്ട്. സ്വന്തം മതത്തിന്റെ ശത്രുക്കളോടു വാളെടുത്തു പോരാടുക എന്നത്, മതതത്ത്വങ്ങളുടെ അനുശാസനകളൊന്നും കൂടാതെ തന്നെ മിക്ക മതങ്ങളും അവയുടെ ചരിത്രത്തിലെ പല ഘട്ടങ്ങളിലും പരീക്ഷിച്ചുനോക്കിയിട്ടുള്ളതാണ്. അക്രമത്തിനെതിരാണെന്നു പറയുന്ന ക്രിസ്തുമതംപോലും കുരിശുയുദ്ധങ്ങളിലൂടെ ഏഷ്യൻ നാടുകൾക്കെതിരായ യൂറോപ്യൻ അധിനിവേശത്തിന് തുടക്കം കുറിക്കുകയുണ്ടായല്ലോ. ഖുർആനും ഹദീസുകളും ജിഹാദ് വിഷയത്തിൽ ചില അനുശാസനങ്ങളും ക്രമീകരണങ്ങളും നൽകിയിരിക്കുന്നു എന്നത് സത്യംതന്നെ. അതിനുതന്നെ പലതരത്തിലുള്ള വ്യാഖ്യാനഭേദങ്ങളും പിൽക്കാലത്തുണ്ടായിട്ടുണ്ട്. ജിഹാദ് നാലു രീതിയിൽ ഉണ്ടെന്ന് പറയുന്നത്. മനസ്സുവഴിയും വാക്കുവഴിയും പ്രവൃത്തിവഴിയും ആയുധംവഴിയും. അനിവാര്യ ഘട്ടങ്ങളിലല്ലാതെ ആയുധമെടുക്കാൻ ഇസ്‌ലാം അനുശാസിക്കുന്നില്ല. എന്നാൽ ജിഹാദിന്റെ പേരിൽ ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നവർ സ്വന്തം മതത്തിൽ ആദർശപരമായ വിലക്കുകളുണ്ടായിട്ടുപോലും അവക്കുപുല്ലു വിലപോലും കൽപിക്കാതെ ലോകം വെട്ടിപ്പിടിക്കാനും കീഴടങ്ങാൻ വിസമ്മതിക്കുന്നവരെ ഉന്മൂലനം ചെയ്യാനും ഇറങ്ങിത്തിരിച്ചിരിക്കുന്നു. പൗരസ്ത്യനാടുകൾക്കെതിരെ പാശ്ചാത്യശക്തികൾ നൂറ്റാണ്ടുകളായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ ഇന്നും തുടരുകയാണ്. ഈ അതിക്രമങ്ങൾക്ക് ഇന്നു

ചുക്കാൻപിടിക്കുന്നത് അമേരിക്കൻ സാമ്രാജ്യത്വമാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കടന്നാക്രമണങ്ങളുമായി ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ടവയാണ് സമകാലിക ലോകാന്തരീക്ഷത്തെ കലുഷിതമാക്കുന്ന ഒട്ടുമിക്ക ഭീകരപ്രവർത്തനങ്ങളും. 'ചരിത്രത്തിന്റെ അന്ത്യ'മെന്നും 'സംസ്കാരങ്ങളുടെ സംഘർഷ'മെന്നുമൊക്കെയുള്ള വിശേഷണങ്ങൾ നൽകിയാണ് സാമ്രാജ്യത്വ അനുകൂല ബുദ്ധിജീവികൾ ഈ അതിക്രമങ്ങൾക്കു ന്യായീകരണങ്ങൾ നിരത്തുന്നത്.

കഴിഞ്ഞ അരശതാബ്ദത്തിനുള്ളിൽ ലോകത്തു നടന്ന സർവ തെമ്മാടിത്തങ്ങളുടെ പിന്നിലും അമേരിക്കയുടെ പങ്കുണ്ട്. ഭീകരരെന്നു മുദ്രകുത്തപ്പെട്ട ഏതാണ്ട് എല്ലാ പ്രസ്ഥാനങ്ങളിലും അണിനിരന്നിട്ടുള്ള ചാവേറുകളുടെ ചെയ്തികളുടെ ശരിതെറ്റുകൾ പരിശോധിക്കേണ്ടത് ഈ ചരിത്രപശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ടു വേണം.

### ദേശീയത്വം എന്ന വ്യാജദൈവം

ഇന്ത്യയിൽ വർധിച്ചുവരുന്ന ന്യൂനപക്ഷവിരുദ്ധവികാരത്തിന് ഊർജം പകരുന്നതും അവർക്കെതിരെ ഒളിപ്പോർ മാതൃകയിൽ സംഘടിതമായ ആക്രമണം നടത്തുന്നതും സംഘ്പരിവാർ ശക്തികൾ പ്രചരിപ്പിക്കുന്ന ഹിന്ദു ദേശീയത്വം എന്ന വ്യാജദർശനത്തെ മുൻ നിറുത്തിയാണ്. ദേശീയതകൾക്കിങ്ങനെ ഹിന്ദു - മുസ്‌ലിം - ക്രിസ്ത്യൻ എന്നൊക്കെയുള്ള വിശേഷണം ചാർത്തുന്ന രീതി നൂറ്റാണ്ടുകൾക്കപ്പുറം യൂറോപ്പിൽ പരീക്ഷിച്ചു പുറംതള്ളിയതാണ്. ഇത്തരം വിശേഷണങ്ങളിൽ നിന്നു വിമുക്തമായ കേവല ദേശീയത്വം തന്നെ ഒരു വ്യാജ ചരക്കാണ്. ഫ്രഞ്ചുവിപ്ലവത്തിനുശേഷമാണ് ദേശീയത്വം ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ ഉടലെടുത്തത്. റൂസ്സോ എന്ന ചിന്തകനായിരുന്നു ഈ ആശയത്തിന്റെ ആദ്യകാല വക്താവ്. സ്വാതന്ത്ര്യം, ജനാധിപത്യം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾ വളരെ വൈകിയാണ് ജനഹൃദയങ്ങളിൽ ഇടംതേടുന്നത്. അപ്പോഴും ദേശീയത്വം എന്ന വികാരം ഈവക ആദർശങ്ങളുടെ അഛനോ മുത്തഛനോ ഒക്കെ ആയി ഭാവിച്ചുകൊണ്ട് ജനജീവിതത്തെ മുന്നോട്ടു നയിക്കുകയായിരുന്നു. വിപ്ലവാനന്തരം ഫ്രാൻസിൽ അധികാരം കൈയാളിയ നെപ്പോളിയൻ ബോണപാർട്ട് ഫ്രഞ്ചു ദേശീയത്വം എന്ന വികാരത്തിനു തീകൊളുത്തി അതിനെ സദാ ജ്വലിപ്പിച്ചുനിർത്താൻ ഉദ്യമിച്ചു. ഇസ്‌ലാമിക ലോകത്തും ഇങ്ങനെയൊരു വികാരം ജ്വലിച്ചുയരുന്നതിന് നെപ്പോളിയന്റെ കരുനീക്കങ്ങൾ കാരണമായി. ക്രമേണ ദേശീയത്വത്തിലുള്ള ദൃഢവിശ്വാസം സാമ്രാജ്യത്വവികസന മോഹത്തിനും അക്രമരാഷ്ട്രീയത്തിനും രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കും കൂട്ടക്കൊലകൾക്കുതന്നെയും നല്ലൊരു നീതീകരണമായി വർത്തിച്ചു.

**കോളനിവാഴ്ച അവസാനിച്ച സ്ഥലങ്ങളിലെല്ലാം പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ന്യൂനപക്ഷം അധികാരം കൈയാളി. ദേശീയ ശക്തികളെ ഇസ്‌ലാമിക ശക്തികൾക്കെതിരായി നിലകൊള്ളാൻ പ്രോത്സാഹനം നൽകി. ഈ കാഴ്ചയാണ് നമ്മളിന്നുകാണുന്നത്. ഇസ്‌ലാമിനെ ഭീകരതയെന്നു മുദ്രകുത്തി പൊതുധാരയിൽ നിന്ന് ഒറ്റപ്പെടുത്താനുള്ള ബോധപൂർവമായശ്രമമാണ് ഇന്ന് നടക്കുന്ന ന്യൂനപക്ഷവേട്ട.**

പത്തൊമ്പതാം നൂറ്റാണ്ടായിരുന്നു ദേശീയത്വത്തിന്റെ സുവർണ കാലം. അക്കാലത്ത് അമേരിക്കൻ ദേശീയത്വം സംരക്ഷിക്കുന്നതിനുള്ള ഒരു സമിതിതന്നെ രൂപീകരിക്കപ്പെട്ടു. തോമസ് ജഫേഴ്സൺ, തോമസ്‌വൈൻ എന്നീ രാഷ്ട്രമീമാംസകരായിരുന്നു ഇതിനു പിന്നിൽ. ജാമിബെന്താം, വില്യം ഗ്ലാഡ്സ്റ്റൺ തുടങ്ങിയവർ ചേർന്ന ബ്രിട്ടീഷ് ദേശീയത്വത്തെ അതിന്റെ പാരമ്യത്തിലേക്കുയർത്തി. ഇറ്റലിയിലെ ഗാരിബാൾഡ്, ഫ്രാൻസിലെ വിക്ടർ ഹ്യൂഗോ, ജർമനിയിലെ ബിസ്മാർക്ക് എന്നിവരായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിലെ ദേശീയത്വ പ്രത്യയശാസ്ത്രത്തിന്റെ ഏറ്റവും വലിയ സൈദ്ധാന്തികരായി അറിയപ്പെടുന്നത്.

യൂറോപ്പും അമേരിക്കയും ഉൾപ്പെട്ട പാശ്ചാത്യലോകം അഭിമുഖീകരിച്ചിരുന്ന ആദർശരാഹിത്യത്തിന്റെയും മതപരമായ ജീർണതയുടെയും ഫലമായിരുന്നു ഈ ദേശീയത്വബോധം. ശിഥിലമായ മതചിന്തകളുടെ സ്ഥാനം ദേശീയത്വം ഏറ്റെടുക്കുകയായിരുന്നു. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയും അത്തരമൊരു സാഹചര്യത്തെയാണ് അഭിമുഖീകരിക്കുന്നത്. ഹിന്ദുത്വം, ദേശീയത്വമെന്ന കച്ചിത്തുരുമ്പിൽ പിടിച്ചുകയറാൻ ശ്രമിക്കുകയാണ്. ഗുജറാത്തിലും ഒറീസയിലും കർണാടകത്തിലും ഒക്കെ ഉറഞ്ഞുതുള്ളുന്ന ഹിന്ദുത്വ തീവ്രവാദികളിൽ ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും ഒക്കെ പ്രേതം ആവേശിച്ചിരിക്കുകയാണ്.

ഏതെങ്കിലും ഒരു വിശ്വാസ സംഹിതയോടും ചില ആദർശങ്ങളോടും കൂറും ഭക്തിയും പ്രകടിപ്പിക്കാതെ മനുഷ്യ ജീവിതത്തിനു മുന്നോട്ടു പോവുക പ്രയാസമാണെന്നാണ് ചരിത്രം നൽകുന്ന പാഠം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, മനുഷ്യന് ആരാധിക്കുന്നതിനായി എന്തെങ്കിലും കൂടിയേ കഴിയൂ. ഈജിപ്തിൽനിന്നു കനാൻ നാട്ടിലെത്തിയ ഇസ്രയേൽ ജനം തങ്ങൾക്കാരാധിക്കാൻ ഒരു ദൈവത്തെ ഉണ്ടാക്കിത്തരണമെന്ന് അവരുടെ നേതാവായിരുന്ന അഹറോനോട് ആവശ്യപ്പെടുന്നുണ്ടല്ലോ. അഹറോൻ അവർക്കു സ്വർണം കൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കിക്കൊടുത്തു എന്നാണ് ബൈബിൾ പരാമർശം. ദേശീയത്വവും ഇത്തരം ഒരു കാളക്കുട്ടിയാണ്. അതിന്റെ മുമ്പിൽ തുള്ളിച്ചാടാനും ആരാധനയർപ്പിക്കാനും ഒരു കൂട്ടം ആൾക്കാർ സദാ സന്നദ്ധരായിരിക്കും. അവർ തങ്ങൾക്കന്യമായ ദൈവങ്ങളെ ആരാധിക്കുന്നവരെന്നു സംശയിക്കുന്നവരെ കൂട്ടക്കൊലചെയ്യാൻ മടിക്കുന്നില്ല.

നവോത്ഥാനാനന്തര പരിവർത്തനങ്ങളോടും ബുദ്ധിപരമായി സംവദിക്കാൻ ക്രിസ്തുമതവും അതിന്റെ പൗരോഹിത്യ നേതൃത്വവും പ്രാപ്തിനേടിയില്ല. ആ വിടവ് നികത്താൻ ദേശീയത്വം ഒട്ടൊക്കെ പര്യാപ്തമായി. ഒരു സമ്പദ്‌വ്യവസ്ഥയെന്ന നിലയിൽ ശക്തിപ്രാപിച്ച മുതലാളിത്തം ദേശീയത്വത്തെ പിന്നോട്ടു തള്ളുകയും ദുർബലപ്പെടുത്തുകയും ചെയ്തു. മുതലാളിത്തം സമൂഹത്തെതന്നെ അവഗണിച്ചുകൊണ്ടു വ്യക്തികളുടെ സ്വകാര്യ സ്വത്ത്സമ്പാദനതൃഷ്ണയെ കെട്ടഴിച്ചുവിട്ടു. ഇതിനെതിരെ ശക്തമായ പ്രതിരോധവുമായിട്ടാണ് *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* (1848) പ്രത്യക്ഷപ്പെട്ടത്. ക്രിസ്തുമതം പരാജയപ്പെട്ടിടത്ത് മാർക്സിസം വിജയിക്കുമെന്ന പ്രതീക്ഷ സജീവമായിരുന്നു. എന്നാൽ മുതലാളിത്ത തന്ത്രങ്ങളുടെയും മത- വർഗീയ പ്രതിലോമശക്തികളുടെയും സംയുക്ത പ്രതിരോധത്തെ നേരിടാനാകാതെ, മാർക്സിസവും പുറന്തള്ളപ്പെടുകയായിരുന്നു. ശത്രുവിനെ പൂർണമായും തോൽപ്പിച്ചു എന്നുള്ള പാശ്ചാത്യ ലിബറലിസ്റ്റ് സമീപനം കോളനിവാഴ്ചയുടെയും സാമ്രാജ്യത്വ ചൂഷണത്തി

ന്റെയും പരോക്ഷ സാന്നിധ്യം ലോകവ്യാപകമാക്കി. ലോകം തങ്ങളുടെ കാൽകീഴിൽ ഒതുങ്ങിക്കഴിഞ്ഞു എന്ന വ്യാമോഹത്തിലാണവർ. ഈ വ്യാമോഹത്തെ അലോസരപ്പെടുത്താൻ ഇന്നു ഭൂമുഖത്തവശേഷിക്കുന്ന ഒരേയൊരു ശക്തി ഇസ്‌ലാം മാത്രമാണെന്ന സത്യം അമേരിക്കൻ അധിനിവേശ താൽപര്യങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു.



പാശ്ചാത്യവും പൗരസ്ത്യവും എന്നു വേർതിരിക്കപ്പെട്ട ലോകത്ത് പൗരസ്ത്യനാടുകളിൽ സംസ്കാരത്തിന്റെ ദീപശിഖ തെളിയിച്ചു നിർത്തുന്നതിൽ ഇസ്‌ലാം നേതൃത്വപരമായ പങ്കു വഹിച്ചിട്ടുണ്ട്. ദാർശനികമണ്ഡലത്തിൽ പാശ്ചാത്യലോകത്ത് നിലനിന്നിരുന്ന ശൂന്യത പൗരസ്ത്യലോകം ഒരിക്കലും അനുഭവിച്ചിരുന്നില്ല. സജീവവും പ്രവർത്തനനിരതവും സാർവലൗകികവുമായ ഒരു ആദർശ സംഹിത എന്നനിലയിൽ ഇസ്‌ലാമിന്റെ സാന്നിധ്യം പ്രവാചകൻ മുഹമ്മദിന്റെ ജനനത്തിനും എത്രയോ മുമ്പുതന്നെ നിലനിന്നിരുന്നു. ആ ആദർശധാരയെ കൂടുതൽ അർഥവത്താക്കി അവതരിപ്പിക്കുകമാത്രമായിരുന്നു മുഹമ്മദ് നബിയുടെ ദൗത്യം. ഇസ്‌ലാമിന്റെ ഔപചാരികമായ അവതരണത്തിന്റെ ആദ്യ നൂറ്റാണ്ടു മുതൽ തന്നെ വിവിധവർഗങ്ങളും ഭാഷകളും സംസ്കാരങ്ങളും ഉൾക്കൊണ്ട് വടക്കെ ആഫ്രിക്കമുതൽ ഏഷ്യയുടെ അങ്ങേയറ്റംവരെയും സ്പെയിൻ മുതൽ മംഗോളിയവരെയുമുള്ള ഭൂവിഭാഗങ്ങളിൽ ഉള്ള വിവിധ ജനവിഭാഗങ്ങളെ ഒരേ മതദർശനത്തിനു കീഴിൽ അണിനിരത്താൻ കഴിഞ്ഞു എന്നത് ചില്ലറ കാര്യമൊന്നുമല്ല. ഇസ്‌ലാം അതിന്റെ സാമ്രാജ്യം സ്ഥാപിച്ചത് ജനമനസ്സുകളിലാണ്. ഏറ്റവും കുറച്ച് രക്തം ചിന്തി ഏറ്റവും വലിയ നേട്ടംകൊയ്ത ഏകശക്തി ചരിത്രത്തിൽ ഇസ്‌ലാം മാത്രമായിരിക്കും.

ഇസ്‌ലാമികലോകത്തെ ദേശീയവാദികളും അവർക്കു പ്രചോദനം നൽകിയ പാശ്ചാത്യബുദ്ധിജീവികളും തങ്ങളുടെ രാജ്യങ്ങളുടെ സവിശേഷതകളെയും പൗരസ്ത്യസംസ്കാരത്തിന്റെ പ്രത്യേകതകളെയും പാടെ അവഗണിച്ചുകൊണ്ട് പാശ്ചാത്യസമൂഹങ്ങളെ മാതൃകകളായി പിൻപറ്റാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള പൗരസ്ത്യ രാജ്യങ്ങളിലെ നല്ലൊരു ഭാഗം ബുദ്ധിജീവികൾ ഈ പാശ്ചാത്യ ഭ്രമത്തിനടിപ്പെട്ടവരായുണ്ട്. പാശ്ചാത്യനാടുകളിൽ ബുദ്ധിജീവികൾ നേതൃത്വം കൊടുത്ത മതവിരുദ്ധസമീപനം അതേപടി ഇങ്ങോട്ടും പറിച്ചുനടാൻ ഇവർ ശ്രമിച്ചുകൊണ്ടിരുന്നു. മതസംബന്ധിയായി പാശ്ചാത്യനാടുകളിൽ രൂഢമൂലമായ ക്രിസ്തുമതവും പൗരസ്ത്യനാടുകളിൽ നിലനിന്ന ജൈന ബുദ്ധമതങ്ങളും ഇസ്‌ലാംമതവും തമ്മിലുള്ള വ്യത്യാസം ഉൾക്കൊള്ളാത്തവരായിരുന്നു ഈ യാന്ത്രിക ഭൗതികവാദികൾ. പാശ്ചാത്യക്രിസ്തുമതം സങ്കുചിത വിശ്വാസങ്ങളുടെയും പുരോഹിതന്മാർ നിഷ്കർഷിക്കുന്ന ഉപരിപ്ലവപരമായ ചടങ്ങുകളുടെയും കേവല സമാഹാരങ്ങളാണെങ്കിൽ ഇസ്‌ലാം വ്യക്തിയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചുമുള്ള ബുദ്ധിപരവും പ്രായോഗികവുമായ യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സജീവവും സമഗ്രവും ആയ ഒരു ആദർശസംഹിതയാണ്. ഇതു കണക്കിലെടുക്കാതെയുള്ള ഭർത്സനങ്ങളെയാണ് പൗരസ്ത്യനാടുകളിലെ പാശ്ചാത്യാനുകരണ ഭ്രമക്കാരിൽനിന്നു ഇസ്‌ലാം നേരിടുന്നത്.

**മഹാഭാരതകഥയിലെ പാണ്ഡവ - കൗരവയുദ്ധത്തിലും തുടക്കം മുതൽ ഒടുക്കംവരെ ഒളിവിലും തെളിവിലും ഒട്ടേറെ ഭീകരപ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ട്. പാണ്ഡവന്മാരും അവരുടെ മാതാവും പാഞ്ചാലിയും ഉറങ്ങിക്കിടന്നിരുന്ന അരയ്ക്കില്ലത്തിനു കൗരവർ തീ വെക്കുന്നതും പാണ്ഡവർക്കു പകരം അതിൽ ആ സമയം ഉറങ്ങിയിരുന്ന വേടകുടുംബം അഗ്നിക്കിരയാകുന്നതും ദുര്യോധനാദികൾ മുൻകൈ എടുത്തു നടത്തിയ ഒരു ഭീകരപ്രവർത്തനം ആയിരുന്നില്ലേ**

## ചരിത്രം അവസാനിക്കുന്നില്ല

മതത്തെ ദേശീയത്വം കൊണ്ട് പകരം വെക്കാൻ നോക്കിയവർ മറ്റൊരു കെണിയിലാണകപ്പെട്ടത്. കൊളോണിയലിസം ആയിരുന്നു ആ കെണി. അതിയോഗ്യരായവർ മാത്രം അതിജീവിക്കുന്നു എന്ന പരിണാമ സിദ്ധാന്തത്തിന്റെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലേക്കുള്ള വ്യാപനം കൂടിയായിരുന്നു ഈ പുത്തൻ കൊളോണിയലിസം. ഏണസ്റ്റ് ഹെക്കൽ എന്ന ജർമൻ ചിന്തകൻ എഴുതി: "ശക്തമായ രാഷ്ട്രങ്ങൾക്കു മാത്രമേ ജീവിക്കാനും മുരടിച്ച ദുർബല രാഷ്ട്രങ്ങളെ വിഴുങ്ങാനും അവകാശമുള്ളൂ." ആധുനിക പരിഷ്കാരത്തിന്റെ നരഭോജനസിദ്ധാന്തം എന്ന ആക്ഷേപത്തിനു ഈ സമീപനം പാത്രമായിട്ടുണ്ട്. ഈ മനുഷ്യനിരാസ സിദ്ധാന്തത്തിന്റെ മറവിൽ 19-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ദേശീയത്വവാദികൾ ആക്രമണാധിഷ്ഠിത സാമ്രാജ്യത്വവിപുലീകരണത്തിന്റെ ഏജന്റുമാരും ചരിത്രത്തിലെ മികച്ച കുറ്റവാളികളുമായിമാറി.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധമായപ്പോഴേക്കും മൂന്നാംലോകത്തിൽ കോളനിവാഴ്ചക്കെതിരെയെന്ന ഭാവേന ദേശീയത്വം പ്രഛന്നവേഷം ധരിച്ചു പ്രത്യക്ഷപ്പെട്ടു. പാശ്ചാത്യസംസ്കാരവും അധിനിവേശ താൽപര്യങ്ങളും പൗരസ്ത്യമതത്തിനും സംസ്കാരത്തിനും വൈവിധ്യമാർന്ന പ്രാദേശിക പാരമ്പര്യങ്ങൾക്കും നിരക്കുന്നതായിരുന്നില്ല. തദ്ദേശീയ ജനതയെ വരിഞ്ഞുമുറുക്കിയ ഈ അധിനിവേശ പരിരംഭണത്തിനെതിരെ സ്വാഭാവികമായും മൂന്നാം ലോകരാജ്യങ്ങളിൽ അസംതൃപ്തി വളർന്നു. മതവും മതപരമായ ആവേശവും ഈ അസംതൃപ്തി വളർത്തിക്കൊണ്ടുവന്നു. ഇതിനെ ഒരു അധിനിവേശവിരുദ്ധ വിപ്ലവമായി രൂപാന്തരപ്പെടുത്താനുള്ള തൃഷ്ണ ശക്തമായി. ഇസ്‌ലാം ഇതിനൊരു മാധ്യമമായി പ്രയോഗിക്കപ്പെട്ടു. കോളനിവാഴ്ച അവസാനിച്ച സ്ഥലങ്ങളിലെല്ലാം പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ന്യൂനപക്ഷം അധികാരം കൈയാളി. ദേശീയ ശക്തികളെ ഇസ്‌ലാമിക ശക്തികൾക്കെതിരായി നിലകൊള്ളാൻ പ്രോത്സാഹനം നൽകി. ഈ കാഴ്ചയാണ് നമ്മളിന്നു കാണുന്നത്. ഇസ്‌ലാമിനെ ഭീകരതയെന്നു മുദ്രകുത്തി പൊതുധാരയിൽനിന്ന് ഒറ്റപ്പെടുത്താനുള്ള ബോധപൂർവമായശ്രമമാണ് ഇന്ന് നടക്കുന്ന ന്യൂനപക്ഷവേട്ട. ■